വനം വന്യജീവി സംരക്ഷണത്തിനായി പദ്ധതികൾ

10 (*160) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി സംരക്ഷണ മേഖലയിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പുതുതായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണ്;

(സി) മനുഷ്യ-മൃഗ സംഘർഷ ലഘൂകരണത്തിന് നടപ്പു സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും കടുവാ സങ്കേതങ്ങളുടേയും സംരക്ഷണത്തിനായി 50 ശതമാനം കേന്ദ്ര സഹായ പദ്ധതികളും 4 എലിഫന്റ് റിസർവ്വുകളുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് പദ്ധതി, നീലഗിരി, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വുകളുടെ പരിപാലനത്തിനുള്ള പദ്ധതി, വയനാട് വന്യജീവി സങ്കേതത്തിൽനിന്ന് അർഹതപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി എന്നിവ 100 ശതമാനം കേന്ദ്ര സഹായത്തോടെയും നടപ്പിലാക്കി വരുന്നു. കൂടാതെ ജൈവ വൈവിദ്ധ്യ സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികൾ എന്നിവ സംസ്ഥാന പദ്ധതികളായും നടപ്പിലാക്കിവരുന്നു.

(ബി) 50 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 3996 ലക്ഷം രൂപയും 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 1330 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ 1500 ലക്ഷം രൂപയും 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മനുഷ്യ-മൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കി.മീ. ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ മതിലുകൾ, കല്ല് പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി.

2. NABARD-RIDF-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.

3. മിഷൻ 676-ൽ ഉൾപ്പെടുത്തിയ കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ.

വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

11 (*161) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ യാത്രാ സൗജന്യം സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) യാത്രാ സൗജന്യം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എങ്ങനെ നേരിടാനാണ് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) യാത്രാ സൗജന്യം നടപ്പാക്കാനായി എന്തെല്ലാം നടപടികൾ ഭരണ തലത്തിൽ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly